# ചുവട്

## അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

**ഗവ. വെൽഫെയർ എൽ.പി സ്കൂൾ**

**മണ്ണടിക്കാല**

ചുവട്

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025_ 26.

സ്കൂൾ : ജി ഡബ്ല്യൂ എൽ പി എസ് മണ്ണടിക്കാല.

വാർഡ് :8

പഞ്ചായത്ത് : കടമ്പനാട്

ജില്ലാ

പഞ്ചായത്ത് : പത്തനംതിട്ട

ജില്ല : പത്തനംതിട്ട

സബ്ജില്ല : അടൂർ

ബ്ലോക്ക്

പഞ്ചായത്ത് : പറക്കോട്

സി.ആർ. സി : ജി.എൽ. പി. എസ്.

തുവയൂർ സൗത്ത്.

ഹെഡ്മിസ്ട്രസ് : ബിജി വർഗീസ്.

ഫോൺ നമ്പർ :9495515146.

ഇ-മെയിൽ :gwlpsmannady 2017@gmail. Com

# ചുവട്

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 26.

## ജി. ഡബ്ല്യു.എൽ.പി.എസ്. മണ്ണടിക്കാല.

## ആമുഖം

കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിലുള്ള സമഗ്ര വികസനമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളും പഠന വിഭവങ്ങളും പഠന രീതികളും എല്ലാം മെച്ചപ്പെടുത്തണം. സ്കൂളിന്റെ സമഗ്ര വികസനത്തിന് ആവശ്യമായ വിഭവങ്ങൾ നൽകാൻ പൊതുസമൂഹം പൂർണ്ണമനസ്സോടെ മുന്നോട്ടുവരുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്. എല്ലാ അർത്ഥത്തിലും വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനും വിദ്യാർത്ഥികളുടെ സമഗ്ര വികസനം പൂർത്തിയാക്കുന്നതിനും വേണ്ടി ഓരോ പ്രവർത്തനങ്ങളും കൃത്യമായി ആസൂത്രണം ചെയ്തു സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## വിദ്യാലയ ചരിത്രം

1955ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. അന്നത്തെ കടമ്പനാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് കോയിപ്പുറത്ത് നീലകണ്ഠ പിള്ളയും സുഹൃത്തുക്കളും മുൻകൈയെടുത്ത് സ്കൂളിനുവേണ്ടി സ്ഥലം കണ്ടെത്താൻ തീരുമാനിച്ചു. അതിനായി വാഴപ്പള്ളിൽ ഉണ്ണിത്താൻമാരെ സമീപിച്ചു 50 സെന്റ് സ്ഥലം സ്കൂൾ സ്ഥാപിക്കുന്നതിന് വേണ്ടി വാഴപ്പള്ളിൽ ഉണ്ണിത്താൻമാർ എഴുതി നൽകി. അങ്ങനെ എല്ലാവരുടെയും സഹകരണത്തോടുകൂടി ഒരു ഷെഡ് ഉണ്ടാക്കി സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു.

## നിലവിലെ അവസ്ഥ

### ഭൗതികം

മൂന്നു കെട്ടിടങ്ങളിലായി ആറ് ക്ലാസ് മുറികളും ഓഫീസ് മുറിയും പ്രവർത്തിക്കുന്നു.പ്രീ സ്കൂൾ ക്ലാസുകളും ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളും ആണ് നിലവിൽ പ്രവർത്തിക്കുന്നത്. ആവശ്യത്തിന് ശുചിമുറികൾ ലഭ്യമാണ്.

1955 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ ഇപ്പോൾ എൽ പി തലത്തിൽ ഇരുപത്തി ഒന്നും പ്രീ പ്രൈമറി തലത്തിൽ അഞ്ചും കുട്ടികളുണ്ട്. ആവശ്യത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ ലഭ്യമാണെങ്കിലും ക്ലാസ് മുറികൾ തമ്മിൽ വേർതിരിക്കാനുള്ള ഫോൾഡിങ് സ്ക്രീൻ, ആവശ്യം വേണ്ട ഫർണിച്ചർ, ഡൈനിങ് ഹാൾ, നടപ്പന്തൽ എന്നിവയുടെ അഭാവം സ്കൂളിൽ ഉണ്ട്. അതുപോലെതന്നെ പുസ്തകങ്ങൾ ക്രമമായി വെക്കാൻ ലൈബ്രറി റൂമും ആവശ്യമാണ്.

### നേട്ടങ്ങൾ

പി.ടി.എ.യുടെയും അധ്യാപകരുടെയും കുട്ടികളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി സ്കൂളിൽ മികച്ച ഒരു ബയോഡൈവേഴ്സിറ്റി പാർക്ക് ഒരുക്കാൻ സാധിച്ചു. ധാരാളം പൂച്ചെടികളും ആമ്പലും എല്ലാമുള്ള വളരെ മനോഹരമായ ഒന്നാണിത്. കുട്ടികൾക്ക് നിരീക്ഷിക്കാനും മനസ്സിലാക്കാനും ധാരാളം ചെടികൾ ഉണ്ട്. ലാപ്ടോപ്പുകളും പ്രോജക്ടുകളും ഉള്ളതിനാൽ ഡിജിറ്റൽ ക്ലാസുകൾ നന്നായി മുന്നോട്ടു പോകുന്നു. സ്മാർട്ട് ക്ലാസ് റൂമിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കുട്ടികളുടെ എണ്ണം കുറയാതിരിക്കാൻ ആയി പി.റ്റി.എയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രീ പ്രൈമറി വിഭാഗം മികച്ച രീതിയിൽ മുന്നോട്ടുപോകുന്നു. അവധിക്കാലത്ത് ജനപ്രതിനിധികളും രക്ഷിത കുട്ടികളുടെ ഭവന സന്ദർശനം നടത്തുകയും രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുകയും ചെയ്തു. കുട്ടികൾക്ക് പ്രൈവറ്റ് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നും രാവിലെ

9.15 മുതൽ ഇംഗ്ലീഷ്, ജി.കെ, എൽ.എസ്. എസ്. തുടങ്ങിയവയ്ക്കുള്ള പരിശീലനം കൃത്യമായി നടന്നുവരുന്നു.

പരിമിതികൾ

സ്മാർട്ട് ക്ലാസ്സ് റൂം പൂർണ്ണ തോതിൽ സജ്ജമാകാത്തതിനാൽ ഡിജിറ്റൽ ക്ലാസുകൾക്ക് ബുദ്ധിമുട്ട് നേരിടുന്നു. ഫോൾഡിങ് സ്ക്രീനിന്റെ അഭാവം മറ്റൊരു വൈഷമ്യമാണ്. ലൈബ്രറി, ലാബുകൾ എന്നിവ സജ്ജീകരിക്കുന്നതിനും സ്ഥലപരിമിതി തടസ്സമാകുന്നുണ്ട്.

## കുട്ടികളുടെ എണ്ണം

| Class | Boy | Girl | Total | SC | | OBC | | Muslim | | OEC | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| | | | | B | G | B | G | B | G | B | G |
| | | | | | | | | | | | |
| I | 4 | 2 | 6 | 1 | 1 | 1 | | 1 | 1 | 0 | 0 |
| II | 4 | 2 | 6 | 0 | 0 | 0 | 1 | 4 | 0 | 0 | 1 |
| III | 2 | 3 | 5 | 0 | 0 | 0 | 1 | 2 | 1 | 0 | 1 |
| IV | 2 | 2 | 4 | 1 | 0 | 0 | 2 | 1 | 1 | 0 | 0 |
| Total | 12 | 9 | 21 | | | | | | | | |

## അധ്യാപകരും ക്ലാസ് ചുമതലകളും

1. ബിജിവർഗീസ്, ഹെഡ്മിസ്ട്രസ് - ക്ലാസ് രണ്ട്
2. ദീപ്തി - ക്ലാസ് 3
3. ഷൈനി പി ഡാനിയേൽ - ക്ലാസ് നാല്
4. ശ്രീദേവി എസ് - ക്ലാസ് ഒന്ന്
5. ഷംല - പ്രീ സ്കൂൾ ടീച്ചർ

## അനധ്യാപകർ

PTCM- അജിതകുമാരി

cook: നീതു

## സാമൂഹിക പങ്കാളിത്തം

സാമൂഹിക പങ്കാളിത്തത്തോടെ സ്കൂളിൽ ധാരാളം പരിപാടികൾ നടന്നു വരുന്നു. വർഷങ്ങളായി കമ്പ്യൂട്ടർ പഠനം മുടങ്ങി നിന്നിരുന്ന സാഹചര്യത്തിലാണ് പൂർവ്വ വിദ്യാർത്ഥിയായശ്രീ. സതീശൻ അവർകളുടെ സഹായത്തോടെ പുതിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്കൂളിന് ലഭിച്ചത്. പൂർവ വിദ്യാർഥികളുടെ സഹായത്തോടെ 11 സ്റ്റഡി ടേബിളുകളും കസേരകളും ലഭിച്ചു. ഓരോ വർഷവും അധ്യയനം ആരംഭിക്കുന്നതിനു മുൻപായുള്ള ശുചീകരണ പ്രവർത്തനങ്ങളിലും സ്കൂളിലെ മറ്റ് ആഘോഷ പരിപാടികളിലും എല്ലാം തന്നെ നാട്ടുകാരുടെ സഹായസഹകരണങ്ങൾ ലഭിക്കാറുണ്ട്.

## അക്കാദമിക മാസ്റ്റർപ്ലാൻ ലക്ഷ്യങ്ങൾ

** കുട്ടികളിൽ പ്രാദേശിക സ്ഥല പരിചയം, ചരിത്രബോധം എന്നിവ വളർത്തുക.

** നിരീക്ഷണശേഷി വികസിപ്പിക്കുക.

** സമൂഹത്തിലെ വിവിധ തലങ്ങളിൽ പെട്ട ആളുകളുമായി ആത്മവിശ്വാസത്തോടെ ആശയവിനിമയം ചെയ്യുന്നതിനും വിവരശേഖരണം നടത്തുന്നതിനും കഴിവു നേടുക.

** ശേഖരിച്ച വിവരങ്ങളെ ചിട്ടയോടെ രേഖപ്പെടുത്തുന്നതിന് പരിചയം നേടുന്നു.

** സ്വന്തം അറിവ് അനുഭവങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നിർവഹിക്കുന്നതിന് ശേഷി വികസിക്കുന്നു.

** സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധവും ഇടപെടലുകളും വർദ്ധിക്കുന്നു. സൗഹൃദം സ്ഥാപിക്കുന്നു.

** ദൈനം ദിന ജീവിത സാഹചര്യങ്ങളിൽ അനായാസേനെ കൈകാര്യം ചെയ്യാൻ സാധിക്കുന്ന വിധത്തിൽ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വികസിപ്പിക്കുന്നു..

## പ്രവർത്തനങ്ങൾ

*പ്രാദേശികമായ ഫീൽഡ് ട്രിപ്പുകൾ.

* ഇംഗ്ലീഷ് റീഡിങ് തീയേറ്റർ, ക്രിയേറ്റീവ് തിയേറ്റർ

*കുട്ടികളുടെ അവതരണങ്ങൾ

*കുട്ടികൾ തയ്യാറാക്കുന്ന ഉൽപ്പന്നങ്ങളുടെ അവതരണം, പതിപ്പുകൾ തയ്യാറാക്കൽ.

## പ്രവർത്തന കലണ്ടർ

പ്രവർത്തനം: ഫീൽഡ് ട്രിപ്പ്

ജൂൺ:

വായനശാല സന്ദർശനം

ജൂലൈ:

മാവേലി സ്റ്റോർ സന്ദർശനം

ആഗസ്റ്റ്:

നെൽപ്പാടം സന്ദർശനം, ദളവാ സ്മാരക സന്ദർശനം.

സെപ്റ്റംബർ:

ഒക്ടോബർ

നവംബർ

ഡിസംബർ

ജനുവരി

ഫെബ്രുവരി

മാർച്ച്